(സി) പ്രസ്തുതപദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2011-ൽ കേന്ദ്ര സർക്കാരിന്റെ നാഷണൽ മാനുഫാക്ച്ചറിംഗ് പോളിസിയെ അടിസ്ഥാനമാക്കി കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ച്ചറിംഗ് സോൺ (നിംസ്) പദ്ധതിക്ക് രൂപം നൽകിയിരുന്നു.

(ബി) ഈ പദ്ധതിയിലൂടെ നിർമ്മാണ വാണിജ്യ മേഖല രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതുവഴി വ്യവസായ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സാമ്പത്തിക-സാമൂഹിക വികസനം, തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്.

(സി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൊച്ചി-പാലക്കാട് നിംസ് പ്രോജക്ടിനായി 53,825 കോടി രൂപയാണ് മുടക്കുമുതൽ പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിക്കായി 5200 ഹെക്ടർ ഭൂമിയാണ് നിർദ്ദേശിക്കുന്നത്. അതിൽ 1700 ഹെക്ടർ ഭൂമി വിവിധ സർക്കാർ ഏജൻസികളുടെ കൈവശമുണ്ട്. ബാക്കി വരുന്ന 3500 ഹെക്ടർ ഭൂമി മൂന്നു ജില്ലകളിലായി (പാലക്കാട്, തൃശ്ശൂർ, എറണാകുളം) നിംസ് പദ്ധതിക്കായി ഏറ്റെടുക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി) പദ്ധതി നടപ്പാക്കാനായി വിശദമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി നാലു ജില്ലകളിലായി (എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം) ഭൂമി കണ്ടെത്തി ഇത് ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഐ.ഡി.സി. സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇതിൽ മലപ്പുറം ജില്ലയിലും എറണാകുളം ജില്ലയിലെ ഒരു സ്ഥലത്തും തുടർ നടപടികൾ ജനങ്ങളുടെ എതിർപ്പുമൂലം സർക്കാർ നിർദ്ദേശിച്ച പ്രകാരം നിറുത്തിവച്ചു. മറ്റ് സ്ഥലങ്ങളിലെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

പൊതുമേഖലാ സ്ഥാപനങ്ങളിലെ തകർച്ച

179 (6630) ശ്രീ. എളമരം കരീം :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. സാജു പോൾ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിന്റെ ഭാഗമായാണ് തകർച്ച നേരിടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമേഖലാ സ്ഥാപനമായ എഫ്.എസി.ടി.-യുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ മുൻകേന്ദ്രസർക്കാരിന്റെ സമീപനം സ്ഥാപനത്തിന്റെ താല്പര്യത്തിന് അനുഗുണമായിരുന്നുവോ ; നിലപാട് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എറാക്ടിന്റെ സംരക്ഷണത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ ബദ്ധശ്രദ്ധമാണ്. ഫാക്ടിന്റെ പ്രവർത്തനത്തിനായി വാങ്ങുന്ന എൽ.എൻ.ജി.യ്ക്ക് വാറ്റ് ഒഴിവാക്കണമെന്ന ആവശ്യം സംസ്ഥാന മന്ത്രിസഭായോഗം ചർച്ച ചെയ്യുകയും ഫാക്ടിനു കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിക്ക് വിധേയമായി ടി കമ്പനിക്ക് ഉചിതമായ നികുതിയിളവ് അനുവദിക്കുവാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഫാക്ടിനു വേണ്ടിയുള്ള പ്രത്യേക സാമ്പത്തിക പാക്കേജ് ബി.ആർ.പി.എസ്.ഇ. അംഗീകരിച്ച് മുൻ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഇതിൻപ്രകാരം 550 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുക, 442 കോടി രൂപയുടെ ലോൺ, നികുതി തുടങ്ങിയവ ഉൾപ്പെടുന്ന കമ്പനിയുടെ ബാദ്ധ്യതകളുടെ എഴുതിതള്ളൽ, നികുതി ഇളവ് മുതലായവ ഉൾപ്പെടുന്നു. പ്രസ്തുതസാമ്പത്തിക പാക്കേജിന് അടിയന്തര പ്രാധാന്യം നൽകി, കേന്ദ്ര സർക്കാരിന്റെ അംഗീകാരം അഭ്യർത്ഥിച്ചുകൊണ്ട്, ബഹു. മുഖ്യമന്ത്രി, 30-05-2014-ൽ ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ കമ്പനി വാങ്ങിയിട്ടുള്ള അധിക ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കുന്നതിനായി രണ്ടുവർഷത്തെ മൊറട്ടോറിയത്തിന് ശേഷം 10 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കാവുന്ന 300 കോടി രൂപയുടെ പലിശരഹിത വായ്പ അനുവദിക്കുക, കമ്പനിയുടെ സപ്ലയർമാർക്കും, ഗ്രാറ്റുവിറ്റി ഇനത്തിൽ എൽ.ഐ.സി.ക്കും കൊടുത്തുതീർക്കുവാനുള്ള തുക നൽകുന്നതിനായി 250 കോടി രൂപ ഗ്രാന്റായി ലഭിക്കുന്നതിനുള്ള അനുമതിയും നൽകുക എന്നീ ആവശ്യങ്ങൾ ഉന്നിപറഞ്ഞിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭവിഹിതത്തിലെ കുറവ്

180 (6631) ശ്രീ. എം. എ. ബേബി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ വിഹിതത്തിൽ കുറവുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly